പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 246 — 11.12.2014 ൽ മറുപടിക്ക്

**പാചകവാതക സിലിണ്ടറുകളുടെ സുരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ സി. മമ്മൂട്ടി:<br>,, റ്റി.എ.അഹമ്മദ് കബീർ:<br>,, കെ.എം.ഷാജി:<br>,, പി. ഉബൈദുള്ള: | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്ത് വിതരണം നടത്തുന്ന പാചകവാതക സിലിണ്ടറുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | പാചകവാതക സിലിണ്ടറുകൾ ബോട്ടിലിംഗ് പ്ലാന്റുകളിൽ നിന്ന് അയക്കുന്നതിനുമുൻപ് പരിശോധന നടത്താറുണ്ട്. ഇപ്രകാരം വിതരണ ഏജൻസികളിൽ എത്തുന്ന സിലിണ്ടറുകളിൽ കുറഞ്ഞത് 10% സിലിണ്ടറുകൾ പരിശോധനയ്ക്ക് വിധേയമാക്കപ്പെടുന്നു. അതിനുശേഷം വിതരണത്തിനായി അയയ്ക്കുന്ന ഓരോ സിലിണ്ടറും ഏജൻസിയിൽ വച്ച് പരിശോധന നടത്തുന്നു. ഉപഭോക്താക്കളുടെ വീട്ടിലെത്തിക്കുന്ന സിലിണ്ടറുകളുടെ ഭാരവും ചോർച്ചയും പരിശോധന നടത്തിയാണ് വിതരണം ചെയ്യുന്നത് ഇവയാണ് പാചകവാതക സിലിണ്ടറുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളെന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |
| (ബി) | സിലിണ്ടറുകളുടെ പഴക്കമോ, പ്രവർത്തനക്ഷമതയോ പരിശോധിക്കാതെ ഫില്ലിംഗ് നടത്തി വിതരണം നടത്തുന്നതു മൂലം അടിക്കടി അപകടങ്ങൾ ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | ഇതു ഒഴിവാക്കാനും, അടിയന്തര ഘട്ടങ്ങളിൽ സുരക്ഷാ മാർഗ്ഗം വേഗത്തിൽ സ്വീകരിക്കാൻ തക്ക വിധമുള്ള പരിശീലനവും ബോധവത്ക്കരണവും, ഓരോ ഉപഭോക്താവിനും നല്കാനും വേണ്ട നടപടികൾ ഏജൻസികൾ മുഖേന നടപ്പാക്കുമോ ? | (സി) | ബോട്ടിലിംഗ് പ്ലാന്റുകളിൽ വച്ച് സിലിണ്ടറുകൾ പ്രഷർ ടെസ്റ്റിനു വിധേയമാക്കുകയും കൂടുതൽ പരിശോധന ആവശ്യമായ സിലിണ്ടറുകൾ വേർതിരിക്കപ്പെടുകയും ചെയ്യുന്നു. ഇതുകൂടാതെ ഉപഭോക്താക്കൾക്കായി വിതരണ ഏജൻസികൾ സേഫ്റ്റി ക്ലിനിക്കുകൾ സംഘടിപ്പിക്കാറുണ്ട് എന്നും പാചകവാതകം കൈകാര്യം ചെയ്യുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാറുണ്ടെന്നും എണ്ണക്കമ്പനികളുടെ സംസ്ഥാന തല കോഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ